നം.കെ.എസ്.എ-കെ.ടി.എം.പി.12/1508/2016 തീയതി : 03.11.16

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.05.2016 മുതൽ 17.9.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 14 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2016 മുതൽ 30.09.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദുലേഖ എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീലത ആർ.ബി.<br>ശ്രീമതി ഷീല വി.ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എം.രാധാകൃഷ്ണൻ<br>ശ്രീമതി ലിസി എബ്രഹാം | 01.04.15 മുതൽ 31.10.15 വരെ<br>12.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ.ബിനു ജോൺ | 01.04.15 മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മനോജ് ചന്ദ്രൻ | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സബിത എസ്.വാലുങ്കൽ<br>ശ്രീമതി ദീപ കൃഷ്ണൻകുട്ടി | 01.04.15 മുതൽ 22.05.15 വരെ<br>30.05.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| വെറ്ററിനറിസർജൻ | ശ്രീ.സാജു ജോസഫ് | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ലീലാമ്മ ജോസഫ് | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ബിനി ഫിലിപ്പ് | 01.04.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീ.ബാബുരാജ് സി.പി.<br>ശ്രീമതി ബിഷ്ണമായ സുധാകരൻ<br>ശ്രീ.മഹേഷ് ബാലചന്ദ്രൻ | 01.04.15 മുതൽ 30.11.15 വരെ<br>10.12.15 മുതൽ 10.03.16 വരെ<br>11.03.16 മുതൽ 31.03.16 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി സീന വി. | 01.04.15 മുതൽ 30.05.15 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ആരിഫ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രേഖ<br>ഡോ.സിജി വർഗ്ഗീസ് | 01.04.15 മുതൽ 01.07.15 വരെ<br>01.07.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ദിവ്യ യശോധരൻ<br>ഡോ.പ്രഹ്ലാദൻ<br>ഡോ.സിസി മൈക്കിൾ | 01.04.15 മുതൽ 11.05.15 വരെ<br>11.05.15 മുതൽ 10.08.15 വരെ<br>10.08.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ഗീത | 01.04.15 മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി വിജി വിശ്വനാഥ്<br>ശ്രീമതി ഉദയകല | 01.04.15 മുതൽ 10.08.15 വരെ<br>10.08.15 മുതൽ 31.03.16 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | ഭാഗം 1 പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനതുവരുമാനം |

| | |
|---|---|
| 1-8 | തനത് ഫണ്ട് ചെലവുകൾ |
| 1-9 | ക്ഷേമപദ്ധതികൾ |
| 1-10 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 1-11 | ക്യാഷ് വെരിഫിക്കേഷൻ |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് |
| 2-2-2 | വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവ് – രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധനക്കായി ഹാജരാക്കിയില്ല |
| 2-2-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച് |
| 2-2-4 | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനുബന്ധ കെട്ടിടങ്ങൾ – വസ്തുനികുതി ചുമത്തുന്നില്ല |
| 2-3-1 | കരാറുകാർ തൊഴിൽനികുതി അടയ്ക്കുന്നില്ല |
| 2-3-2 | തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി – ഈടാക്കിയിട്ടില്ല |
| 2-4-1 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-5-1 | വാടക കരാർ പുതുക്കാതെയും വാർഷിക വർദ്ധനവ് വരുത്താതെയും ഓഫീസുകൾ പ്രവർത്തിക്കുന്നു |
| 2-6-1 | സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധന ഫീസ് സംബന്ധിച്ച് |
| | ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | കച്ചിറത്തോട് ചിപ്പ് നിർമ്മാണം – തുടർവിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് |
| 3-2 | തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിയ്ക്കൽ – ശേഷിയ്ക്കുന്ന തുക ലഭ്യമാക്കാത്തത് സംബന്ധിച്ച് |
| 3-3 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്കുകൾ – ബില്ലുകളും, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമാക്കിയില്ല |
| 3-4 | അക്കൗണ്ട് ക്ലോസ് ചെയ്ത് തുക കൈപ്പറ്റിയത് സംബന്ധിച്ച് |
| 3-5 | വി.ഇ.ഒ.നടപ്പിലാക്കിയ പ്രോജക്കുകളിലെ അപാകതകൾ ഭവനപുനരുദ്ധാരണം(എസ്.ഒ.33/16) |
| 3-6 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-7 | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 3-8 | രണ്ടാം വാർഡിൽ 173 നമ്പർ അംഗനവാടി നിർമ്മാണം – കൺവീനർക്ക് അധിക തുക നൽകി – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 3-9 | സബ് ബേസ് മെറ്റിലിങ്ങിന് മാത്രമായി പ്രോജക്ട് തയ്യാറാക്കി |

| | |
|---|---|
| 3-10 | 14 വാർഡിൽ 189 നം.അംഗൻവാടി നിർമ്മാണം – വാട്ടർ ടാങ്ക് ഉപയോഗ്യമല്ലാത്ത നിലയിൽ |
| 3-11 | ബസ് സ്റ്റാന്റ്-കം ഷോപ്പിങ്ങ് കോംപ്ലക്സ്-കൺസൾട്ടൻസി ഫീസ് നൽകി-പണി ആരംഭിച്ചിട്ടില്ല |
| 3-12 | വിവിധ ഉദ്ദേശങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 3-13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |


# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 93,88,694 | 1,02,60,656 | 8,71,962 | | (+)9.28 |
| വരവ് | 17,73,84,307 | 3,27,83,611 | | 14,46,00,696 | (-)81.51 |
| ആകെ | 18,67,73,001 | 4,30,44,267 | | 14,37,28,734 | (-)76.95 |
| ചെലവ് | 17,72,19,807 | 3,71,85,288 | | 14,00,34,519 | (-)79.01 |
| നീക്കിയിരിപ്പ് | 95,53,194 | 58,58,979 | | 36,94,215 | (-)38.66 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 25.06.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,02,60,655.98 |
| വരവ് | 3,27,83,612 |
| ആകെ | 4,30,44,267.98 |
| ചെലവ് | 3,71,85,289 |
| നീക്കിയിരിപ്പ് | 58,58,978.98 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട് മെന്റ് | ആകെ | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് | വരവ്&ചെലവ് | നീക്കിയിരിപ്പ് (AFS) | നീക്കിയിരിപ്പ് (ACR)/ സ്പിൽഓവർ വിഹിതം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13,26,000 | 70,46,310 | 83,72,310 | | 81,77,428 | 0 | 1,94,882 |
| വികസനഫണ്ട് എസ്.സി.പി. | 0 | 21,79,000 | 21,79,000 | | 14,71,250 | 0 | 7,07,750 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 62,000 | 62,000 | | 62,000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 56,34,000 | 56,34,000 | | 47,15,207 | 0 | 9,18,793 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 26,26,000 | 26,26,000 | | 20,84,227 | 0 | 5,41,773 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,13,000 * | 29,00,730 ** | 29,00,730 | | 29,00,730 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 27,01,000 | 0 24,18,350 | 51,19,350 | 24,18,350 | 20,13,553 * | 0 | 6,87,447 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 1,87,090 | 1,87,090 | | 1,86,000 | 1090 | 1,090 |
| ബി ഫണ്ട് | 0 | 1,90,996 | 1,90,996 | | 1,90,996 | 0 | 0 |
| സംയോജിത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതം | - | 1,25,000 | 1,25,000 | | 1,25,000 | 0 | - |
| സംയോജിത പ്രോജക്ടുകൾക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം | 9,089 | 0 | 9,089 | | 0 | 9,089 | - |

*29.7.15 ലെ GO(rt) 6973/15 ഫിൻ പ്രകാരം ടി തുക പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും ട്രഷറി നീക്കം ചെയ്തു.

** 9,60,103/- രൂപ VPF II(a) യിലേക്ക് ട്രാൻസ്ഫർ ചെയ്തത് അലോട്ട്മെന്റ് ആയി ലഭിച്ചിരുന്നു. ടി തുക ഉൾപ്പെടുത്താതെയാണ് അലോട്ട്മെന്റ് ചേർത്തിട്ടുള്ളത്.

* പെർഫോമൻസ് ഗ്രാന്റ് ചെലവ് മുന്നിരിപ്പിൽ നിന്നും മാത്രമാണ് വന്നിട്ടുള്ളത്. തൻവർഷ വരവ് 2418350 VPF II(a) യിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 5,65,62,432 | 127 | 2,53,18,632 | ഇല്ല | 34 | 79 |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/15/DPC/DPO/KTM തീയതി 24.6.2016 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മൂന്നും നാലും വാർഷികപദ്ധതിയുടെ രൂപീകരണ നടപടിക്രമങ്ങൾ ഒരുമിച്ച് 2013-14 വർഷം പൂർത്തീകരിച്ചു. വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 17.12.13, 16.12.2014 തീയതികളിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 5-1-15, 19-6-15 തീയതികളിലും വികസനസെമിനാർ 29.1.15 തീയതിയിലും കൂടിയിട്ടുണ്ട്.

ഗ്രാമസഭ

2015-16 വർഷം ഒറ്റത്തവണ മാത്രമാണ് വിവിധ വാർഡുകളിൽ ഗ്രാമസഭ യോഗം ചേർന്നിരുന്നത്. വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ച ചെയ്യപ്പെടുകയോ ഉണ്ടായിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ, ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ

ഉൾപ്പെടുത്തുകയും യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

വാർഷിക പദ്ധതി

നേട്ടങ്ങൾ

.ഉല്പാദന മേഖലയിൽ വകയിരുത്തിയ 9 പ്രോജക്ടുകൾ നടപ്പാക്കി. സമഗ്ര നെൽകൃഷി വികസനം, പുരയിടകൃഷി വികസനം എന്നിവയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കി.

. വിവിധ അംഗൻവാടികൾക്ക് നബാർഡ് ധനസഹായത്തോടെ കെട്ടിടനിർമ്മാണം, സ്ഥലം വാങ്ങൽ, പാലിയേറ്റീവ് പരിചരണപദ്ധതി, ഭവനപുനരുദ്ധാരണം എന്നിങ്ങനെ വൈവിധ്യമാർന്ന പ്രോജക്ടുകൾ സേവനമേഖലയിൽ നടപ്പാക്കി

കോട്ടങ്ങൾ

. ആകെ വകയിരുത്തിയ തുകയുടെ 45% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ.

. ലോകബാങ്ക് ധനസഹായമായി ലഭിച്ച 21,75,045 രൂപ പഞ്ചായത്ത്ഓഫീസ് സേവനഅടിസ്ഥാന വികസനപദ്ധതി എന്ന പ്രോജക്ടിന് വകയിരുത്തിയെങ്കിലും നടപ്പാക്കിയില്ല.

.ഗ്രാമപഞ്ചായത്തിൽ ശ്മശാനം പണിയുന്നതിനും അനുബന്ധ പ്രവർത്തികൾക്കുമായി വിവിധ പ്രോജക്ടുകൾക്കായി തുക വകയിരുത്തുയെങ്കിലും പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയില്ല.

. ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടനിർമ്മാണത്തിനായി 29,82,465 രൂപയും വകയിരുത്തിയതി 10,25,613/- കൺസൾട്ടൻസി ഫീസ് അടച്ചു എന്നാൽ നിർമ്മാണം ആരംഭിച്ചിട്ടില്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.43 ശതമാനം കുറവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 75,10,931 | 55,09,762 | 20,01,169 | (-)26.6 |
| നികുതിയേതര വരവുകൾ | 10,02,229 | 9,33,148 | 69,081 | (-)6.89 |
| മറ്റുവരവുകൾ | 4,820 | 5,498 | 678 | (+)14.06 |
| ആകെ | 85,17,980 | 76,62,312 | 8,55,668 | (-)19.43 |

## 1-8 തനതു ഫണ്ട് ചെലവുകൾ

- ജീവനക്കാരുടെ ശമ്പളം, ഭരണസമിതിയംഗങ്ങളുടെ ഓണറേറിയം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം, കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ, തുടങ്ങിയവയാണ് പ്രധാന റവന്യൂ ചെലവിനങ്ങൾ.
- പഞ്ചായത്തിന്റെ ഋണബാധ്യതാ കണക്കുകളിൽ അവ്യക്തതയുണ്ട്. കാലഹരണപ്പെട്ട നിക്ഷേപങ്ങളിൽ പലതും കണക്കുകളിൽ നിലനിർത്തിയിരിക്കുന്നു.
- തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട ഇതര രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32160 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 1541850 | 181 |
| വിധവാപെൻഷൻ | 4382360 | 423 |
| വാർദ്ധക്യകാലപെൻഷൻ | 8698530 | 1053 |
| വികലാംഗപെൻഷൻ | 2468120 | 285 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 375240 | 38 |

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാണ്. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളും ജനറൽ കമ്മറ്റിയും യഥാസമയം യോഗം ചേർന്ന് പഞ്ചായത്തിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും അനുയോജ്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച നിർവ്വഹണോദ്യോഗസ്ഥരുടെ യോഗവും ചേരുന്നുണ്ട്. പേബിൽ രജിസ്റ്റർ, അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ പരിപാലനം തൃപ്തികരമാണ്. ഡി ആന്റ് ഒ ലൈസൻസ് ഫീസ് അപേക്ഷാഫോമുകളിൽ സെക്രട്ടറി അഭിപ്രായം രേഖപ്പെടുത്തി ആയതിന് ആനുപാതികമായി ഫീസ് ഈടാക്കുന്നുണ്ട്. വസ്തുനികുതിയിനത്തിൽ പത്തുലക്ഷത്തോളം രൂപ ഈടാക്കാൻ അവശേഷിയ്ക്കുന്നു.

## 1-11 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 88792 /-രൂപ എന്ന നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 മാർച്ച് 3,4 | 01.04.15 – 31.03.16 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2016 മാർച്ച് 28 മുതൽ ഏപ്രിൽ 13 വരെ | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ(എച്ച്.ക്യു) ഐഎ8എ-2426/22 തീ. 12.5.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

2015-16 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) B2 ഷെഡ്യൂൾ പ്രകാരം റിലീഫ് ഫണ്ട് 19119/- രൂപയാണ്. എന്നാൽ B17 ഷെഡ്യൂളിലും ബാങ്ക് ബുക്കിലും 17119/- രൂപയാണ് ബാലൻസ്. 2000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2) വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിച്ചിട്ടില്ലാത്തതിനാൽ B15 ഷെഡ്യൂൾ പ്രകാരമുള്ള വസ്തുനികുതി, ലൈബ്രറിസെസ്സ്, സർവ്വീസ് സെസ്സ് എന്നീ ഇനങ്ങളിൽ കണക്കാക്കിയിട്ടുള്ള കുടിശ്ശികയുടെ കൃത്യത വ്യക്തമല്ല

3) വികസനഫണ്ട് -പൊതുവിഭാഗം, എസ്.സി.പി എന്നീ ഫണ്ടുകളുടെ RP 31 ഷെഡ്യൂളിലെ വരവ് കണക്കുകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട് -പൊതുവിഭാഗത്തിൽ 1023066/-രൂപയുടെ വ്യത്യാസവും എസ്.സി.പി യിൽ 4,50,000/-രൂപയുടെ വ്യത്യാസവും RP 31ൽ വന്നിട്ടുണ്ട്. സഞ്ചിതനിധിയിൽ നിന്നുള്ള പിൻവലിക്കൽ എന്നതിനാൽ cash payment ന് തുല്യമായ തുക 320 ൽ തുടങ്ങുന്ന cash receipt ഹെഡ്ഡിൽ ചെലവ് ഹെഡ്ഡിൽ തന്നെ വരവായി പരിഗണിച്ചത് മൂലമുള്ള വ്യത്യാസമാണ് RP31 ൽ വന്നിട്ടുള്ളത്. അക്കൗണ്ടിന് ക്രമീകരണങ്ങളിലെ ഇത്തരം പിഴവുകൾ ഒഴിവാക്കേണ്ടതാണ്.

4) B11(a) -capital work in progress ഷെഡ്യൂളിൽ ഫൈനൽ പേയ്മെന്റ് ആയ ബിൽ തുകയുടെ വിവരങ്ങളും തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

5) NREGS വരവ് കണക്കുകളിൽ ഷെഡ്യൂൾ I-6ലേത് (EFMS ഉൾപ്പടെ) യഥാർത്ഥ വരവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.(1090/-രൂപയുടെ വ്യത്യാസം)

## 2-2-1 <u>വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച്</u>

വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർണ തോതിൽ തൻവർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. ഫോം 6 പ്രകാരമുള്ള വിവരങ്ങളുടെ ഡേറ്റാ എൻട്രി നടപ്പു സാമ്പത്തിക വർഷവും പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. ഇക്കാരണങ്ങളാൽ 2015-16 വർഷം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള കുടിശ്ശിക -തന്നാണ്ട് ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

## 2-2-2 <u>വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവ് - രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധനക്കായി ഹാജരാക്കിയില്ല</u>

2015-16 വർഷം വിമുക്ത ഭടന്മാരുടെ ഭവനങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകിയത് സംബന്ധിച്ച രജിസ്റ്ററും അപേക്ഷകളും ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല. ജി.ഒ (എം.എസ്)242/2013 ത.സ്വ.ഭ.വ തീയതി 02.07.13 പ്രകാരം തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിനു മാത്രമേ ഇളവിന് അർഹതയുള്ളൂ. ഇളവ് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം അപേക്ഷകൻ നൽകേണ്ടതുമാണ്.

## 2-2-3 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച്</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന വിവിധ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.12.2011 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിച്ചിരുന്നു. കൂടാതെ 07.03.14 ലെ 707/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ 14.01.11 മുതൽ തറവിസ്തീർണ്ണത്തിനനുസരിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ഈടാക്കിയില്ല.

| ക്രമ നം | അസസ്സ്മെന്റ് നം | ടവർ കമ്പനി പേര് | നിലവിലെ നികുതി വിവരങ്ങൾ(കെട്ടിട നികുതി + സേവന നികുതി+ലൈബ്രറി |
|---|---|---|---|

| | | | |
|---|---|---|---|
| | | | സെസ്) |
| 1 | XIII/541 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി | 10.73ച.മീ<br>BT-5902<br>ST_886<br>LC-296 |
| 2 | I/401 | സബ്ഡിവിഷണൽഎഞ്ചിനിയർ, ബി.എസ്.എൻ.എൽ., പാലാ | 9ച.മീ<br>BT-4500<br>ST_675(15%)<br>LC-225 |
| 3 | IV/339A | സബ്ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ., പാലാ | 10.88ച.മീ<br>BT-5440<br>ST_816<br>LC-272 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2) മറുപടിയായി പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ ബി.എസ്.എൻ.എൽ ഉടമസ്ഥതയിലുള്ള ടവറുകൾക്ക് വസ്തുനികുതി അടവാക്കുന്നതിന് വിമുഖത കാട്ടുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 19.09.2012 ലെ ജി.ഒ (ആർ.ടി) 2640/2012 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ.എൽ. ഉൾപ്പെടെയുള്ള എല്ലാ മൊബൈൽ ടവറുകളുടേയും അനുബന്ധ കെട്ടിടങ്ങളുടേയും വിസ്തീർണ്ണം കണക്കാക്കി ആനുപാതികമായി നിർണ്ണയിച്ച നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-4 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനുബന്ധകെട്ടിടങ്ങൾ- വസ്തുനികുതി ചുമത്തുന്നില്ല

പഞ്ചായത്ത് രാജ് ആക്ട് 2013ലെ വസ്തുനികുതി ഭേദഗതി നിയമം വകുപ്പ് 207(ബി) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിയ്ക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിയ്ക്കുന്ന ഹോസ്റ്റലുകളും വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിയ്ക്കുന്നതും മേൽ വിഭാഗത്തിൽ ഉൾപ്പെടാത്തതുമായ കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിന്റെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടുണ്ടെങ്കിലും (2013-14 മുതൽ) നാളിതുവരെ ഈടാക്കിയിട്ടില്ല. നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ പരിഷ്കരിച്ച വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനമ്പർ | വിസ്തീർണ്ണം ച.മീ | വസ്തുനികുതി തുക (രൂപ)<br>(2013-14 മുതൽ 2015-16 വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | X/270 | 2369 | 46920 |
| 2 | X/271 | 1898.7 | 37602 |
| 3 | X/272 | 1612.26 | 31929 |
| 4 | X/273 | 1612.26 | 31929 |
| 5 | X/273A | 300 | 5943 |
| 6 | X/27B | 300 | 5943 |
| 7 | X/273C | 300 | 5943 |
| 8 | X/273E | 1421.3 | 30696 |
| 9 | X/273F | 1890.17 | 40896 |

വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## **2-3-1** <u>കരാറുകാർ തൊഴിൽ നികുതി അടയ്ക്കുന്നില്ല</u>

2015-16 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ കരാർ വേല ചെയ്യുന്നവർ തൊഴിൽ നികുതി അടയ്ക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1 | ഷാജി എബ്രഹാം |
| 2 | രാജു എബ്രഹാം |
| 3 | മാത്തച്ചൻ എം.വദന |
| 4 | ബിനു സി.അലക്സ് |
| 5 | റോയ് എബ്രഹാം |
| 6 | ബിജു പീറ്റർ |
| 7 | ജിനു ജോർജ്ജ് |
| 8 | മനോജ് സി.എ. |
| 9 | ജോമോൻ എബ്രഹാം |
| 10 | കെ.കെ.തോമസ് |
| 11 | ജോബി ജോർജ്ജ് |

| | |
|---|---|
| 12 | ജയിൻ പി. ജോർജ്ജ് |
| 13 | സാബു സെബാസ്റ്റിൻ |
| 14 | റെജു പി.രവി |
| 15 | ടോമി ജോൺ |
| 16 | ഷോണി പി.ജേക്കബ് |

മേൽ വിവരിച്ച കരാർ ജോലിക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-2 തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി -ഈടാക്കിയിട്ടില്ല

2015-16 സാമ്പത്തികവർഷത്തിൽ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ടേൺഓവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | റ്റി.എസ്.നം.10 | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ക്ഷീരോത്പാദന സഹകരണസംഘം, കിടങ്ങൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | ക്ഷീരോത്പാദന സഹകരണസംഘം, കുടല്ലൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | ക്ഷീരോത്പാദന സഹകരണസംഘം, കുടല്ലൂർ ഈസ്റ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | ക്ഷീരോത്പാദന സഹകരണസംഘം, കുമ്മണ്ണൂർ | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ വിവരിച്ച സ്ഥാപനങ്ങളിലെ സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4-1 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് സെക്ഷൻ (232) (1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്നിരിക്കെ കിടങ്ങൂർ ഗ്രാമപഞ്ചായത്തു പരിധിയിൽ 2015-16 സാമ്പത്തികവർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ (കള്ള് ഷാപ്പുകൾ) ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം നം. | സ്ഥാപനം |
|---|---|
| 1 | റ്റി.എസ്.നം.21 |
| 2 | റ്റി.എസ്.നം. 22 |
| 3 | റ്റി.എസ്.നം. 23 |
| 4 | റ്റി.എസ്.നം. 25 |
| 5 | റ്റി.എസ്.നം. പാദുവ |

| | |
|---|---|
| 6 | റ്റി.എസ്.നം. 10 |

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുണ്ടായ സാഹചര്യം എന്തെന്ന് വിശദീകരിക്കേണ്ടതുമാണ്.

## 2-5-1 വാടക കരാർ പുതുക്കാതെയും വാർഷികവർദ്ധനവ് വരുത്താതെയും ഓഫീസുകൾ പ്രവർത്തിക്കുന്നു

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ കിടങ്ങൂർ സബ് രജിസ്ട്രാർ ഓഫീസ് (മുറി നം.XIV/472), കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ (മുറി നം.IV/477) എന്നീ ഓഫീസുകൾ വാടക കരാർ പുതുക്കാതെയും വാർഷിക വർദ്ധനവ് നടത്താതെയും പ്രവർത്തിക്കുന്നു. കിടങ്ങൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കരാർ കാലാവധി 3/2016 ൽ അവസാനിച്ചിട്ടും ആയത് പുതുക്കിയിട്ടില്ല. അതുപോലെ കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷനും 14.6.2009 മുതൽ കരാർ പുതുക്കിയിട്ടില്ല. കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ജൂലൈ 2015 വരെയും സബ് രജിസ്ട്രാർ ഓഫീസ് 2015 ഒക്ടോബർ വരെയും വാടക ഒടുക്കിയിരുന്നുവെങ്കിലും കാലതാമസത്തിനുള്ള പിഴപ്പലിശ ഈടാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3) കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫിസിന്റെ കരാർ 2016 ഏപ്രിൽ മുതൽ 2017 ഫെബ്രുവരി വരെയുള്ള 11 മാസത്തേയ്ക്ക് പുതുക്കിയിട്ടുണ്ടെന്നും സബ് രജിസ്ട്രാർ ഓഫീസിന്റെ കരാർ പുതുക്കുന്നതിനായി 16.6.2016 ലെ നം.69/16 നമ്പർ കത്ത് പ്രകാരം Sub Registrar Land Value Certificate ആവശ്യപ്പെടുകയും ആയതിലേക്കായി 20.6.2016 ൽ ബഹു.ജില്ലാ കളക്ടറുടെ ഓഫീസിലേയ്ക്ക് A8-3282/16 നമ്പർ കത്തുപ്രകാരം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും, 30.5.2016 തീയതിയിലെ പഞ്ചായത്തു കമ്മറ്റിയുടെ XII-ാം നമ്പർ തീരുമാനപ്രകാരം KSEB യ്ക്ക് 5000 രൂപയും സബ് രജിസ്ട്രാർ ഓഫീസിന് 2000 രൂപ എന്നീ നിരക്കിൽ വാടക പുതുക്കിയിട്ടുണ്ടെന്നും ഉള്ള മറുപടിയാണ് ലഭ്യമാക്കിയത്. KSEB ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ആഗസ്റ്റ് 2015 മുതൽ മാർച്ച് 2016 വരെയുള്ള വാടക കുടിശ്ശികയും സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2015 നവംബർ മാസം മുതൽ 2016 മാർച്ച് മാസം വരെയുള്ള വാടക കുടിശ്ശികയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6-1 സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക സുരക്ഷിതത്വ പരിശോധന ഫീസ് സംബന്ധിച്ച്

2015-16 സാമ്പത്തികവർഷത്തിൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 15 സ്കൂളുകൾ പ്രവർത്തിക്കുന്നു. സർക്കുലർ നം. 23058/ഡി.ഡി.2/08 തസ്വഭവ/തീയതി. 6.5.10 പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കുന്ന ഫീസുകൾ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 0515-00-800-95 മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിൽ സർക്കാർ അക്കൗണ്ടിലേയ്ക്ക് അടക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി(നം.6) ന് മറുപടിയിൽ 7 സ്കൂളുകൾ ഫിറ്റ്നസ് സർട്ട്ഫിക്കറ്റിന് വേണ്ടി അപേക്ഷിച്ചിരുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷിച്ച സ്കൂളിന്റെ ഫീസ് ട്രഷറി അക്കൗണ്ടിലേയ്ക്ക് അടച്ച ചെലാൻ നമ്പർ സഹിതം ഉള്ള മറുപടി ഹാജരാക്കിയിട്ടുണ്ട്. ശേഷിച്ച 8 സ്കൂളിന്റെ വാർഷിക പരിശോധന നടത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കച്ചിറത്തോട് ചീപ്പ് നിർമ്മാണം-തുടർവിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

പ്രോജക്റ്റ് നം - എസ്.ഒ 143/16

നിർവ്വഹണോദ്യോഗസ്ഥൻ -- സെക്രട്ടറി

തുക --1,00,000(പദ്ധതിവിഹിതം)

ഡി.ഡി.നം.754110/29.3.16

2015-16 സാമ്പത്തികവർഷം പശ്ചിമഘട്ടവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കച്ചിറത്തോട് ചീപ്പ് നിർമ്മാണം എന്ന പ്രോജക്ടിനായി 1,00,000 രൂപ (പദ്ധതിവിഹിതം) പഞ്ചായത്ത് വിഹിതമായി കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് കൃഷിഓഫീസർക്ക് നൽകിയിട്ടുണ്ട്. പശ്ചിമഘട്ടവികസന പദ്ധതിയിലുൾപ്പെടുത്തി കച്ചിറത്തോട്ടിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ടാണ് തുക നൽകിയത്. എന്നാൽ മേൽ സൂചിത പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചതായി വ്യക്തമല്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 1,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ/മൂല്യനിർണ്ണയ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 തെരുവുവിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കൽ-ശേഷിക്കുന്ന തുക ലഭ്യമാക്കാത്തത് സംബന്ധിച്ച്

കിടങ്ങൂർ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2,00,000 രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിരുന്നു. 11.04.2013 ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ക്യാഷ് ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള ചെലവുകൾ മേൽപറഞ്ഞ തുകയിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത പ്രോജക്ടനുസരിച്ച് 29 ലൊക്കേഷനുകളിൽ മീറ്റർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും കെ.എസ്.ഇ.ബി യുടെ വിഹിതം കിഴിച്ച് ബാക്കി 1,53,700 രൂപയ്ക്ക് ചെലവ് കണക്കാക്കിയിട്ടുള്ളതുമാണ്. മേൽസൂചിത 29 ലൊക്കേഷനുകളിൽ മീറ്റർ സ്ഥാപിച്ചത് 2015 ആഗസ്റ്റ് മാസമായിരുന്നു. നിലവിൽ 46300 രൂപ കെ.എസ്.ഇ.ബി യിൽ അധികമായി നിലനിൽക്കുന്നു. ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ 12.08.16 I(5)നമ്പർ തീരുമാനപ്രകാരം പ്രസ്തുത തുക വിനിയോഗിച്ച് പത്താംവാർഡിലെ അംഗൻവാടിയുടെ വൈദ്യുതീകരണം, വാതക്കാട്ടിൽ -മാവേലിപ്പടി, പോളയ്ക്കൽപടി-വലിയവീട്ടിൽപടി എന്നീ ഭാഗങ്ങളിൽ സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾ- ബില്ലുകളും, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമാക്കിയില്ല

1)എസ്.സി ഗ്രൂപ്പിന് സ്വയം തൊഴിൽ സഹായം(എസ്.ഒ 42/15-16):- ബാങ്ക് ലോണും, പദ്ധതി വിഹിതവും സമന്വയിപ്പിച്ച് കൊണ്ട് നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ഭാഗമായി ബോയ്സ് ചേർപ്പുങ്കൽ എന്ന 10 പേർ ഉൾപ്പെടുന്ന ചെണ്ടമേളം ഗ്രൂപ്പിന് സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനും പ്രവർത്തന മൂലധനത്തിനായും 2,00,000/- രൂപ ചെലവു വരുമെന്ന് പ്രോജക്ടിൽ വ്യക്തമാക്കുന്നുണ്ട്. പദ്ധതി ചെലവിന്റെ 50% സബ്സിഡിയായി 1,00,000/- രൂപ പ്ലാൻ ഫണ്ട് വിഹിതമായി കാനറാബാങ്ക് മാനേജർക്ക് ഡി.ഡി നല്കിയിട്ടുണ്ട്. (ഡി.ഡി. നം.754709/5.4.16). എന്നാൽ ഗ്രൂപ്പ് സ്ഥിരം ആസ്തികൾ(ചെണ്ട, വലംതല, ചേങ്ങില) വാങ്ങിയതിന്റെയും, മറ്റു ചെലവുകളുടെയും ബില്ലുകളും, പഞ്ചായത്തിലെ മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ഓഡിറ്റ് എൻക്വയറി നം.4 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

2) കോഴിവളർത്തൽ യൂണിറ്റ്-വ്യക്തിഗതം(എസ്.ഒ.45/15-16)

ബാങ്ക് ലോണും, പദ്ധതി വിഹിതവും സമന്വയിപ്പിച്ചുകൊണ്ട് നടപ്പിലാക്കിയ ഈ പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 15000/- രൂപ നിരക്കിൽ 13 ഗുണഭോക്താക്കൾക്കായി ആകെ 195000/- രൂപ സബ്സിഡിയായി ബാങ്ക് മാനേജർക്ക് ഡി.ഡി നല്കിയിട്ടുണ്ട്. (ഡി.ഡി.നം. 753440/1.3.16, 753440/1.3.16, 753449/1.3.16). എന്നാൽ കോഴിക്കൂട്, കോഴിക്കുഞ്ഞുങ്ങൾ, ഷെഡ് നിർമ്മാണം, കോഴിത്തീറ്റ, മരുന്ന്, ട്രാൻസ്പോർട്ടേഷൻ ചാർജ്, ഗ്രോബാഗ് -പച്ചക്കറിവിത്തുകൾ എന്നിവ വാങ്ങുമെന്ന് പ്രോജക്ടിൽ ഉണ്ടെങ്കിലും ഇവ വാങ്ങിയതിന്റെ ബില്ലുകൾ, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമായില്ല.

മാത്രമല്ല ജി.ഒ(എം.എസ്) 362/2013 തസ്വഭവ തീ:16.11.13 സബ്സിഡി മാർഗ്ഗ രേഖ പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം മേഖലകളിൽ ഉൾപ്പെടുന്ന പ്രോജക്ടിൽ ഒരു കുടുംബത്തിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 500/- രൂപയാണ്. അനുവദനീയമായ നിരക്കിലും കൂടുതൽ തുക ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി(നം.9)ക്ക് മറുപടിയായി ബില്ലുകൾ പരിശോധിച്ചിരുന്നുവെന്നും ബാങ്കിൽ ഹാജരാക്കേണ്ടതിനാൽ തിരികെ നൽകിയതാണ് എന്നും അറിയിച്ചിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി കണക്കിലെടുത്ത് തുക തടസ്സപ്പെടുത്തുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ സബ്സിഡിമാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിയ്ക്കാൻ അധികൃതർ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-4 അക്കൗണ്ട് ക്ലോസ് ചെയ്ത് തുക കൈപ്പറ്റിയത് സംബന്ധിച്ച്

നിർമൽ അക്കൗണ്ട് 15.6.15ൽ ക്ലോസ് ചെയ്ത് 3421/- രൂപ വി.ഇ.ഒ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ തുക റ്റി. എസ്. സി അക്കൗണ്ടിൽ(അക്കൗണ്ട് നം. 67026757577) വരവ് വന്നിട്ടില്ല. ടി തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നെങ്കിലും ബന്ധപ്പെട്ട വി.ഇ.ഒ. മറുപടി ലഭ്യമാക്കിയിരുന്നില്ല. മറുപടിയുടെ അഭാവത്തിൽ, ബന്ധപ്പെട്ട വി.ഇ.ഒ. ധനദുർവിനിയോഗം നടത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു. ഒടുക്ക് വിവരങ്ങൾ ഹാജരാക്കുന്നതിലും, ഓഡിറ്റിന് മറുപടി ലഭ്യമാക്കുന്നതിലും വി.ഇ.ഒ. തികഞ്ഞ അലംഭാവമാണ് പുലർത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ അക്കൗണ്ട് ക്ലോസ് ചെയ്ത് കൈവശം വെച്ചിരുന്ന 3421 രൂപ വി.ഇ.ഒ. ശ്രീ.ബാബുരാജ് സി.പി.യിൽ നിന്നും പലിശ സഹിതം ഈടാക്കി റ്റി.എസ്.സി. അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. ധനവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-5 വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ ഭവനപുനരുദ്ധാരണം( എസ്.ഒ.33/16)

പ്രസ്തുത പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 11,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.
വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| 2/30.8.15 | 2,40,000 |
| 3/18.9.15 | 1,20,000 |
| 4/20.9.15 | 1,40,000 |
| 5/10.10.15 | 120000 |
| 11/25.1.16 | 140000 |
| 14/19.2.16 | 180000 |
| 17/31.3.16 | 160000 |
| ആകെ | 1100000 |

പ്രോജക്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 52 ഗുണഭോക്താക്കൾക്ക് 20,000/- രൂപ വീതം വിതരണം ചെയ്തതായി കാണുന്നു. ബാക്കി 60,000/- രൂപയുടെ വിതരണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (4) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ 60,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഇ.എം.എസ് ഭവനനിർമ്മാണപദ്ധതി പ്രകാരം വിവിധഘട്ടങ്ങളിലായി താഴെ കൊടുത്തിട്ടുള്ളതിൻ പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക |
|---|---|---|

| നം. | | |
|---|---|---|
| 1 | വാസുദേവൻ, വൈക്കത്തുശ്ശേരിൽ, കിടങ്ങൂർ(സൗത്ത്) | 22500+30000 |
| 2 | തോമസ് ചാക്കോ, പുരയ്ക്കൽ, കിടങ്ങൂർ | 22500+30000 |
| 3 | ജോയി തോമസ്, നെടുമ്പാറയിൽ, കൂടല്ലൂർ | 22500+30000 |
| 4 | ത്രേസ്യാമ്മ കൊട്ടേക്കുന്നേൽ, കുമ്മണ്ണൂർ | 22500+30000+15000 |
| 5 | ശാന്ത പി.എൻ., ഇഞ്ചിക്കാലായിൽ, കുമ്മണ്ണൂർ, | 22500+30000+15000 |
| 6 | മത്തായി പീലി, കക്കുഴിക്കുന്നേൽ, കുമ്മണ്ണൂർ | 22500+30000 |
| 7 | അമ്മിണി ഗോവിന്ദൻ തെങ്ങനാട്ട് | 22500+30000 |
| 8 | ഗോപി, പറമ്പേട്ട്, കിടങ്ങൂർ | 22500+30000+15000 |
| 9 | സുരേഷ് ജോസഫ്, കുരീക്കാട്ടിൽ, കുമ്മണ്ണൂർ | 22500 |

മേല്പറഞ്ഞ ഗുണഭോക്താക്കളുടെ വീടുപണി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഇല്ല

2015-16 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| പ്രോജക്ടിന്റെ നം./പേര് | ചെലവ് | (ഡി.ഡി നം./ തീയതി) | ഡി.ഡി ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| എസ്.ഒ. 13/ 15-16<br>കന്നുകുട്ടി പരിപാലനം | പ്ളാൻ ഫണ്ട്-<br>625000/- | (930750/ 22.9.2015) | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം | വെറ്ററിനറി സർജൻ |
| എസ്.ഒ. 178/ 15-16<br>തെരുവു നായ്ക്കളുടെ നിയന്ത്രണം | പ്ലാൻ ഫണ്ട്- 117500/-<br>തനത് ഫണ്ട്- 82500/- | 117500/-<br>1)753950/ 22.3.16, 2) 930749/ 22.9.15<br>82500/- (4914663/ 24.3.16)<br>ആകെ-200000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം. | വെറ്ററിനറി സർജൻ |
| എസ്.ഒ. 35/15-16 ഐ.എ.വൈ. പഞ്ചായത്ത് വിഹിതം(ജനറൽ) | പ്ലാൻ ഫണ്ട്-<br>440000/- | 752798/ 29.1.16 | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, പാമ്പാടി. | വി.ഇ.ഒ |

| | | | | |
|---|---|---|---|---|
| | | | | |
| എസ്.ഒ. 40/15-16 ഐ.എ.വൈ. പഞ്ചായത്ത് വിഹിതം (എസ്.സി) | പ്ലാൻ ഫണ്ട്-445000/- | 1)9300034/ 30.7.15<br>2)754112/ 28.3.16 | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, പാമ്പാടി. | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 17,10,000 | | | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 17,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 രണ്ടാം വാർഡിൽ 173 നമ്പർ അങ്കണവാടി നിർമ്മാണം -കൺവീനർക്ക് അധികം തുക നൽകി-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോ.നം | 154/15-16 |
| അടങ്കൽ | 6,88,000(NABARD വിഹിതം)<br>7000(തനത് ഫണ്ട്)<br>115000/-(ലോകബാങ്ക് വിഹിതം)<br>---------------<br>8,10,000 |
| ചെലവ് | 6,23,474(തനത് ഫണ്ട്)<br>115000/-(ലോകബാങ്ക് വിഹിതം)<br>------------<br>7,38,474 |
| കൺവീനർ | പി.വി.ജോസഫ്, പന്നിക്കാട്ടേൽ, കൂടല്ലൂർ |
| എംബുക്ക് നം | 42/14-15 |
| കരാർ നം | 72/AE/14-15 dtd 21.01.15 |

<u>1)കൺവീനർക്ക് അധികം തുക നൽകി</u>

ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പ്രസ്തുത പ്രോജക്റ്റിന്റെ കൺവീനർക്ക് അധികം തുക നൽകുവാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>കൺവീനർക്ക് നൽകാവുന്ന തുക</u>

<table>
<tr><td>ആകെ പ്രവൃത്തി മൂല്യം</td><td>6,96,673/-</td></tr>
<tr><td>വാറ്റ് 5% (+)34834</td><td rowspan="2">(+) 41,801/-</td></tr>
<tr><td>ക്ഷേമ നിധി 1% (+)6967</td></tr>
<tr><td>ആകെ</td><td>7,38,474/-</td></tr>
<tr><td>വാറ്റ് 5% (-)34834</td><td rowspan="3">(-) 56570/-</td></tr>
<tr><td>ക്ഷേമ നിധി 1% (-)6967</td></tr>
<tr><td>ആദായനികുതി 2% (-)14769</td></tr>
<tr><td>നൽകാവുന്ന തുക</td><td>6,81,904/-</td></tr>
</table>

<u>കൺവീനർക്ക് നൽകിയ തുക</u>

| | | |
|---|---|---|
| തനത് ഫണ്ട് | 2,41,816/- | DD No 929154/14.10.15 |
| ലോകബാങ്ക് വിഹിതം | 88071/- | DD No 751205/20.10.15 |
| തനത് ഫണ്ട് | 381658/- | DD No 752681/25.01.16 |
| ആകെ | 7,11,545/- | |

അധികം നൽകിയതുക =29,641/-

അധികം നൽകിയ തുക കൺവീനറിൽ നിന്നോ ബിൽ തുക നൽകിയ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ കൃഷ്ണൻകുട്ടിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

<u>2)നബാർഡ് വിഹിതം ലഭിച്ചിട്ടില്ല.</u>

2014-15 വർഷം കരാർ വച്ച് ഗുണഭോക്തൃസമിതി വഴി ആരംഭിച്ച പ്രസ്തുത പ്രോജക്റ്റിന്റെ പണികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽതുക നൽകിയിരിക്കുന്നത് 2015-16 വർഷമാണ്. നബാർഡ് പദ്ധതിപ്രകാരം 8.10 ലക്ഷം രൂപ വകയിരുത്തി അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിൽ 6.88 ലക്ഷം രൂപ നബാർഡ് വിഹിതമായും 1.22 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായും വഹിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. പ്രസ്തുത പ്രോജക്ടിനായി ആകെ ചെലവഴിച്ച 7,38,474 രൂപയിൽ 1.15 ലക്ഷം രൂപ ലോകബാങ്ക് വിഹിതമായും ബാക്കി തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക നബാർഡിൽ നിന്നും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

3)പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രസ്തുത പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം അപ്പന്റിക്സ് എ ആയി സെല്ലാർ ഫ്ലോർ കോളങ്ങൾ ഉയർത്തി മൂന്നുഭാഗവും വശവും സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണിട്ടുയർത്തുക, ഫ്ലോർ സ്ലാബ് നിർമ്മാണം എന്നിവയും അപ്പന്റിക്സ് ബി ആയി കട്ടിളയും ജനലും വയ്ക്കുന്ന ഭാഗം ഒഴിച്ചിട്ട് കെട്ടിടത്തിന്റെ സ്ട്രക്ച്ചർമാത്രമായും ഉൾപ്പെടുത്തിയിരുന്നു.

ജി.ഒ (എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ

അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു.

എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത പ്രോജക്റ്റിൽ സ്ട്രക്ച്ചർമാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബാക്കി ജോലികൾക്ക് എം എൽ.എ ഫണ്ടിൽ നിന്നും തുക ലഭ്യമാകുമെന്നും ബാക്കി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെന്നും അറിയിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ മുഴുവൻ തുകയുള്ള സ്രോതസ്സ് കണ്ടെത്താതെ നിർമ്മാണജോലികൾ ആരംഭിച്ച നടപടി ശരിയല്ല. അംഗനവാടികെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനിയും വളരെയധികം തുക ആവശ്യമായി വരുന്നു. സെല്ലാർ, ചുറ്റുമതിൽ എന്നിവ ഉൾപ്പടെ പൂർത്തീകരിക്കേണ്ടതുണ്ട്. അംഗനവാടികെട്ടിടനിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. ഈയിനത്തിൽ ചെലവഴിച്ച തുകയായ 7,08,833/-രൂപ (നിരാകരിച്ച 29,641/- രൂപ ഒഴികെ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-9 സബ് ബേസ് മെറ്റലിങ്ങിന് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കി

ഗ്രാമപഞ്ചായത്ത് ടാറിങ്ങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പകരം സബ് ബേസ് മെറ്റലിങ്ങ് പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിക്കുന്ന രീതിയാണ് കണ്ടുവരുന്നത്. മെറ്റലിങ്ങിന് ശേഷം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും ചെയ്യുന്ന അവസ്ഥയുണ്ടാവുന്നു. WBM സർഫസ് കോഴ്സ് ആയി കണക്കാക്കി പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങിന് ആവശ്യമായ ബൈന്റിങ്ങ് മെറ്റീരിയൽ കൂടുതൽ അളവിൽ (0.13 cum/10m2)ആവശ്യമായും വരുന്നു. കൂടാതെ ടാറിങ്ങ് നടത്തേണ്ടുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിങ്ങ് വീണ്ടും ചെയ്യേണ്ടതായും വരുന്നു. മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിക്കുന്നതുമൂലം അധികച്ചെലവിന് സാഹചര്യം ഉണ്ടാവുന്നുണ്ട്. സബ് ബേസ് മെറ്റലിങ്ങ് മാത്രം പൂർത്തീകരിക്കുന്നതിന് തയ്യാറാക്കി നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 53/15-16 അമ്മാവൻപടി-ആലപ്പാട്ടുമുക്ക് റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 146489 രൂപ
2. 84/15-16 കാവാലിപ്പുഴ റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 115500 രൂപ
3. 168/15-16 വട്ടമറ്റം കെഴവംകുളം റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 140964 രൂപ
4. 169/15-16 ഒഴുകയിൽ-ഭജനമഠം റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 84680 രൂപ
5. 170/15-16 ചമ്പക്കര-കരുർ റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 196128 രൂപ
6. 187/15-16 കൊല്ലാറത്തുമുക്ക്-കീക്കോലിപ്പടി റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 123059 രൂപ
7. 192/15-16 കോയിത്തറ അംഗൻവാടി റോഡ് സോളിങ്ങ് &മെറ്റലിങ്ങ് – 167441 രൂപ

സബ് ബേസ് മെറ്റലിങ്ങിന് മാത്രമായി പ്രോജക്റ്റ് തയ്യാറാക്കുകയും അതുവഴി അനാവശ്യചെലവ് വരുത്തിവയ്ക്കുകയും ചെയ്യുന്ന നടപടി തുടരുന്ന പ്രവണത അവസാനിപ്പിക്കേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 3-10 14-ാം വാർഡിൽ 189 നം അംഗൻവാടി നിർമ്മാണം -വാട്ടർ ടാങ്ക് ഉപയോഗ്യമല്ലാത്ത നിലയിൽ

| | |
|---|---|
| പ്രോ.നം | 156/15-16 |
| അടങ്കൽ | 6,88,000(NABARD വിഹിതം) |

| | |
|---|---|
| | 7000(തനത് ഫണ്ട്)<br>115000/-(ലോകബാങ്ക് വിഹിതം)<br>---------------<br>8,10,000 |
| ചെലവ് | 5,89,072(തനത് ഫണ്ട്)<br>1,15,000/-(ലോകബാങ്ക് വിഹിതം)<br>------------<br>7,04,072 |
| കൺവീനർ | പ്രകാശ്.ആർ |
| എംബുക്ക് നം | 42/14-15 |
| കരാർ നം | 83/AE/14-15 dtd 22.03.15 |

NABARD-RIDF പദ്ധതി പ്രകാരം 2014-15 വർഷം കരാർ വച്ച് ഗുണഭോക്തൃസമിതി വഴി ആരംഭിച്ച പ്രസ്തുത പ്രോജക്ടിന്റെ പണികൾ 2015-16 വർഷം പൂർത്തീകരിച്ചിരുന്നു. പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ ഇനം 30 ആയി 1000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് സ്ഥാപിച്ചതായി എംബുക്കിൽ (പേജ് 2)രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് 29.9.16ൽ നടത്തിയ ഭൗതികപരിശോധനയിൽ വാട്ടർടാങ്ക് ഉപയോഗശൂന്യമായി കാണപ്പെട്ടു. ടാങ്കിന് ചോർച്ചയുള്ളതായി കാണുന്നത് നിർമ്മാണത്തിലെ പിഴവുമൂലമുള്ളതാണെങ്കിൽ ആയത് പരിഹരിക്കുന്നതിനും ടാങ്ക് മാറ്റി സ്ഥാപിക്കുന്നതിന് കൺവീനറോട് ആവശ്യപ്പെടേണ്ടതുമാണ്.

## 3-11 ബസ് സ്റ്റാന്റ് -കം ഷോപ്പിങ്ങ് കോംപ്ലക്സ്-കൺസൾട്ടൻസി ഫീസ് നൽകി-പണി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം.147/2016 പ്രകാരം 10,25,613 രൂപ തനത് ഫണ്ടിൽ നിന്നും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് (കെ.എസ്.എച്ച്.ബി.) സർവ്വേ, പ്ലാൻ, ഡിസൈൻ എന്നിവ ഉൾപ്പെടെയുള്ള തുക കൺസൾട്ടൻസി ഫീസായി നൽകിയിരുന്നു. 6.86 കോടി രൂപ അടങ്കലായി ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ്-കം ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിനായി വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ ഉൾപ്പെടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് 23.10.13ന് കെ.എസ്.എച്ച്.ബി.യുമായി കരാറിലേർപ്പെട്ടിരുന്നു. കെ.എസ്.എച്ച്.ബി. ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ടോപ്പോഗ്രഫിക്കൽ സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ, പ്ലാൻ, റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, ഡീറ്റെയിൽഡ് ഡിസൈൻ & ഡ്രോയിങ്ങ്, ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് (1%) എന്നിവ ഉൾപ്പെടെ കൺസൾട്ടൻസി ഫീസായി 18,63,657 രൂപ ഡിമാൻഡ് ചെയ്തിരുന്നു. ഇതിൽ 150045 രൂപ 2013-14 വർഷം മുൻകൂർ നൽകിയിരുന്നു. ഇത്രയും വലിയ തുക കൺസൾട്ടൻസി ഫീസായി നൽകുന്നതിന് മുൻപ് ഗ്രാമപഞ്ചായത്ത് സർക്കാർ അനുമതി നേടിയിരുന്നില്ല.

2012ലെ എസ്ഒആർ നിലവിലുണ്ടായിരുന്ന സമയത്ത് സാങ്കേതികാനുമതി വാങ്ങി നിർമ്മാണം ആരംഭിക്കുവാൻ കഴിയുന്ന തരത്തിൽ കെ.എസ്.എച്ച്.ബി.യിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാകാതിരുന്നതിനാൽ 2014-15 വർഷം പണി ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ല. 2015-16 വർഷം മുതൽ ഡിഎസ്ആർ നിരക്കുകൾ ബാധകമാക്കിയതിനാൽ കെ.എസ്.എച്ച്.ബി. ലഭ്യമാക്കിയിരുന്ന എസ്റ്റിമേറ്റ് പ്രകാരം എൽ.എസ്.ജി.ഡി. വിഭാഗത്തിന്റെ സാങ്കേതികാനുമതി ലഭിച്ചില്ല. ഡിഎസ്ആർ നിരക്കുകൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കെ.എസ്.എച്ച്.ബി.യുടെ ഭാഗത്ത് നിന്നുണ്ടായ കാലതാമസം മൂലം എസ്റ്റിമേറ്റ് ഫീസ് (1%) 6,86,355 രൂപ മറ്റ് ഫീസിനത്തിൽ ഒഴിവാക്കി 10,27,257 രൂപ 2015-16 വർഷം കെ.എസ്.എച്ച്.ബി.യ്ക്ക്

നൽകിയിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റിയുടെ 19.5.15 ലെ 5 നം.തീരുമാനം). കെട്ടിടത്തിന്റെ പ്ലാൻ, ഡിസൈൻ എന്നിവ ലഭ്യമായിട്ടുണ്ട്. ആയത് അനുസരിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ സാധിച്ചില്ലായെങ്കിൽ ഈയിനത്തിൽ ചെലവഴിച്ച 11,77,302 (10,27,257 + 1,50,045) രൂപ പാഴ്ചെലവായി മാറുന്നതാണ്. തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയ്ക്കനുസൃതമായി ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പ്രവൃത്തി നടത്തുവാനും നിർമ്മാണ പ്രവൃത്തിയിൽ നിന്നും കെ.എസ്.എച്ച്.ബി.യെ ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട് (പഞ്ചായത്ത് കമ്മറ്റിയുടെ 07.08.15 ലെ XI നം.തീരുമാനം). കെ.എസ്.എച്ച്.ബി. തയ്യാറാക്കിയ പ്ലാൻ, ഡിസൈൻ എന്നിവയ്ക്കനുസൃതമായി ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 വിവിധ ഉദ്ദേശങ്ങൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ വിവിധ ഉദ്ദേശങ്ങൾക്കായി ലഭ്യമായിരുന്ന തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതായി കാണുന്നു

| ഫണ്ടിനം | ബാലൻസ് തുക | അക്കൗണ്ട് |
|---|---|---|
| പൈക്ക | 60404 | SBT(Pykka) |
| 186 നമ്പർ അംഗൻവാടി നിർമ്മാണം | 11350 | തനത് ഫണ്ട് |
| ഖരമാലിന്യ നിർമ്മാർജ്ജനം | 214786 | തനത് ഫണ്ട് |
| സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതം | 9089 | തനത് ഫണ്ട് |

മേൽപറഞ്ഞ തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ചെലവഴിക്കുകയോ സാധിക്കാത്തപക്ഷം തുക ലഭിച്ച സ്ഥാപനത്തിന് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 3-13 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷം 2492 പേർക്ക് തൊഴിൽ കാർഡ് നല്കി, 745 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തൻവർഷം 20240 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ടി 160 പദ്ധതികൾ വിഭാവനം ചെയ്യുകയും, 105 എണ്ണത്തിന് സാങ്കേതികാനുമതി ലഭിയ്ക്കുകയും, 97പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ശരാശരി 23471 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. 66 കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നല്കാൻ കഴിഞ്ഞു. 370 കുടുംബങ്ങൾക്ക് 50 ൽ താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തരിശുവയലുകൾ കൃഷിയോഗ്യമാക്കൽ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നീർക്കുഴി നിർമ്മാണം, ഭൂമി തട്ടുതിരിയ്ക്കൽ, തീറ്റപ്പുൽകൃഷിയ്ക്കാവശ്യമായ സ്ഥലമൊരുക്കൽ, കയ്യാല നിർമ്മാണം, ഐ.എ.വൈ ഭവന നിർമ്മാണം എന്നീ പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്.

തൻവർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ്(ഇ.എഫ്.എം.എസ് ഉൾപ്പെടെ) | 5416847 |
| ആകെ | 5416847 |
| ചെലവ് | 5415757 |
| നീക്കിയിരിപ്പ് | 1090 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,25,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,25,000 | -0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | ജി.ഒ.എം.എസ്.823/2010 എൽ.എസ്.ജി.ഡി. | 86,90,000 | 38,74,250 | 12,86,730 | -- | 25,87,520 |

| | | | | | | |
|---|---|---|---|---|---|---|
| ഭവനപദ്ധതി | തീ. 11.03.10 | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5,00,000 |
| ആകെ | 5,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,00,000/-(കാനറാ ബാങ്ക് അക്കൗണ്ട് തീയതി:17.09.15) |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6 (1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,27,83,611 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,71,85,288 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,062 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,78,833 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 3,421 | ശ്രീ.ബാബുരാജ് സി.പി., വി.ഇ.ഒ. |
| 3-8-1 | | 29,641 | ശ്രീമതി ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 33,062 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,00,000 | ശ്രീ.ബിനു ജോൺ, സെക്രട്ടറി |
| 3-5 | 60,000 | ശ്രീ.ബാബുരാജ് സി.പി., വി.ഇ.ഒ. |
| 3-7 | 8,25,000 | ശ്രീ.സാജു ജോസഫ്, വെറ്ററിനറി സർജൻ |
| 3-7 | 4,40,000 | ശ്രീ.ബിഷ്ണു മായാ സുധാകരൻ, വി.ഇ.ഒ. |
| 3-7 | 4,45,000 | ശ്രീ.മനോജ് ചന്ദ്രൻ |
| 3-8-3 | 7,08,833 | ശ്രീമതി ദീപാ കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 25,78,833 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജ് സി.പി., വി.ഇ.ഒ. | വി.ഇ.ഒ., കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് | ചെട്ടിയാവീട്ടിൽ, ഓണംതുരുത്ത് പി.ഒ., കോട്ടയം |
| ശ്രീമതി ദീപാ കൃഷ്ണൻകുട്ടി, | അസിസ്റ്റന്റ് എഞ്ചിനീയർ, കിടങ്ങൂർ | വെള്ളാപ്പള്ളിയിൽ, സൗത്ത് |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ഗ്രാമപഞ്ചായത്ത് | പാമ്പാടി പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 (ചെലവ്) | നം.എൽ.എഫ്.കെ.പി.2/827/99/03.09.99 | | |
| 1997-98 | നം.എൽ.എഫ്.കെ.പി.12/1663/13(1)അദാ/31.05.14 | 1 | |
| 2002-03 (ചെലവ്) | നം.എൽ.എഫ്.കെ.പി.1/960അദാ/സി1/11(5)/22.08.11 | 1 | |
| 2006-07 | നം.എൽ.എഫ്.കെ.പി.12/1651/13/13.02.14 | 1 | |
| 2007-08 | നം.എൽ.എഫ്.കെ.പി.12/1725/15/01.01.16/11.01.16 | 1 | |
| 2008-09 | കെഎസ്എ-കെടിഎം.പി.12/434/16/08.4.16/13.04.16 | 2 | |
| 2009-10 | നം.എൽ.എഫ്.കെ.പി.12/240/16/16.07.16/23.03.16 | 5 | |
| 2010-11 | നം.എൽ.എഫ്.കെ.പി.12/468/16/16.04.16 | 2 | |
| 2011-12 | നം.എൽ.എഫ്.കെ.പി.12/1318/14/19.03.15/14.04.15 | 8 | |
| 2012-13 | നം.എൽ.എഫ്.കെ.പി.12/1318/14/19.3.15/4.4.15 | 10 | |
| 2013-14 | നം.എൽ.എഫ്.കെ.പി.12/258/15/04.01.16/11.01.16 | 5 | |
| 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി.12/693/16/03.6.16 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി12/1508/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 3.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം